**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 208** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയ്ക്ക് ഫർണിച്ചർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിലേക്ക് ഫർണീച്ചറുകൾ വാങ്ങുന്നതിനായി ആരോഗ്യ വകുപ്പിലെ ഹെൽത്ത് (പി) സെക്ഷനിൽ ഉള്ള 8311302 നമ്പർ ഫയലിന്മേൽ എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരം ലഭ്യമാക്കാമോ? | (എ) | കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ടുള്ള ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ വികസനത്തിനായി 30.07.2020 തീയതിയിലെ സ.ഉ(സാധാ) നം.1396/ 2020/ആകുവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതിയും ഉൾപ്പെട്ടിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നത് Rs.24,73,577/- (ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) രൂപയുടെ ജനറൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള ശിപാർശയാണ്. ആയതിനാൽ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി വർക്കുകൾക്കുള്ള ഭരണാനുമതി ഉത്തരവിന്റെ പരിധിക്കുള്ളിൽ വരുന്നതാണോയെന്ന് വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.05.2024 തീയതിയിലെ പി1/82/2020/ആകുവ നമ്പർ കത്ത് മുഖാന്തിരം സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ